ശബരിമല വികസനം

109 (464) ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി. ബാലറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനം സംബന്ധിച്ച് ഒ. രാജഗോപാൽ കമ്മിറ്റി റിപ്പോർട്ട് എന്നു സമർപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ കേരള ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ദേവസ്വംബോർഡും ശബരിമല വികസനത്തിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്;

(സി) ഈ റിപ്പോർട്ട് പ്രകാരം സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റിനും വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുമുള്ള സ്ഥലത്തിനാവശ്യമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കേണ്ടതിന്റെ ചുമതല ആർക്കായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനുള്ള രൂപരേഖ സമർപ്പിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ എഫ്(ബി)എ/16.1/കെ.ഇ.ആർ./എം.ഐ.എസ്.സി.55 നമ്പർ പ്രകാരമുള്ള 8.6.2000-ലെ കത്ത് അനുസരിച്ച്, റിപ്പോർട്ടിന്റെ പകർപ്പ് 17.6.2000-ൽ സംസ്ഥാന സർക്കാരിന് ലഭിച്ചു.

(ബി) കേരള സർക്കാരും ദേവസ്വംബോർഡും ചെയ്യേണ്ട കാര്യങ്ങൾ

1. പമ്പയിലും സന്നിധാനത്തിലും പരിസരത്തുമുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യം വച്ചു കൊണ്ട്
പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരും ദേവസ്വംബോർഡ് ഉദ്യോഗസ്ഥരും അടങ്ങിയ ഒരു ടീം ഇതുസംബന്ധിച്ച ഒരു സർവ്വേ നടത്തുക.
2. സന്നിധാനത്തും സന്നിധാനം മുതൽ പമ്പ വരെയുമുള്ള വഴിയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുക.
3. തീർത്ഥാടകരുടെ ആവശ്യങ്ങളും അതുണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളും കണക്കിലെടുത്തുകൊണ്ട് ശബരിമല ക്ഷേത്രസമുച്ചയ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക. ഇതുസംബന്ധിച്ച പഠനം നടത്തുന്നതിന് ഈ മേഖലയിൽ പ്രാവീണ്യമുള്ള ഏതെങ്കിലും സ്ഥാപനത്തെ ഏൽപ്പിക്കുക.
4. പത്തനംതിട്ട ജില്ലാ കളക്ടർ, പത്തനംതിട്ട പോലീസ് സൂപ്രണ്ട്, ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ, ദേവസ്വംബോർഡ് പ്രതിനിധികൾ, പ്രാദേശിക പഞ്ചായത്തു മെമ്പർമാർ എന്നിവരടങ്ങിയ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി അപ്പപ്പോൾ യോഗം ചേർന്ന് പാർലമെന്റ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. പമ്പ ഗസ്റ്റ്ഹൗസിന് സമീപം വാട്ടർ ട്രീറ്റുമെന്റ് പ്ലാന്റ് സ്ഥാപിക്കുക.
6. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ബാഗുകളും മാലിന്യങ്ങളും നീക്കം ചെയ്യുക.

കേന്ദ്രസർക്കാരും ദേവസ്വംബോർഡും ചെയ്യേണ്ട കാര്യങ്ങൾ

1. കേന്ദ്ര പൊല്യൂഷൻ കൺട്രോൾ ബോർഡ് പമ്പാ നദിയിലെ മലിനീകരണം നിരീക്ഷിക്കുകയും മലിനീകരണം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
2. സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റിനാവശ്യമായ 1.12 ഹെക്ടർ ഭൂമി അനുവദിക്കുക.
3. പാർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അത്യാവശ്യം മുറിക്കേണ്ട മരങ്ങളുടെ എണ്ണം ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി ദേവസ്വംബോർഡ് കേന്ദ്രത്തിന് സമർപ്പിക്കുക.
4. കാർഡിയോളജി സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതോടൊപ്പം അതിന്റെ ഉത്തരവാദിത്വം വനം വകുപ്പിനെ ഏൽപ്പിക്കുക.
5. അത്യാവശ്യമുള്ള മരങ്ങൾ മുറിച്ച് വാഹനങ്ങൾ പാർക്കുചെയ്യുന്നതിനുള്ള അനുവാദം നൽകുക.
6. വണ്ടിപ്പെരിയാർ വഴിയുള്ള റോഡിന്റെ വീതി കൂട്ടുന്നതിന് അനുമതി നൽകുക.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്.

(ഡി) ഇതുസംബന്ധിച്ച രൂപരേഖ തയ്യാറാക്കി വരുന്നു.

ശബരിമലയിലെ അരവണ പായസം

110 (465) <u>ശ്രീമതി രാധാരാഘവൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡല ഉത്സവകാലത്ത് ശബരിമലയിൽ വിതരണം ചെയ്ത അരവണ പായസത്തിൽ എലിയുടെ വാൽ കണ്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പായസം ഏതെല്ലാം ഏജൻസികളെ കൊണ്ടുപരിശോധിച്ചു എന്നും പരിശോധന ഫലം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പഴകിയ അരവണ സന്നിധാനത്ത് ദേവസ്വം അധികൃതർ കത്തിച്ചുകളയുകയുണ്ടായോ;

(ഡി) അരവണയിൽ ബീഡികുറ്റി, നാണയം എന്നിവ കണ്ടതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ശബരിമലയിൽ പ്രസാദ വസ്തുക്കൾ വിതരണം ചെയ്യുന്നതിലെ പാകപ്പിഴകൾ ഒഴിവാക്കുവാൻ എന്തെല്ലാം നടപടിയെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly